കുട്ടിക്കാലത്ത് അച്ഛന്റെയും അമ്മയുടെയും കൈപിടിച്ച് ഗുരുവായൂർ കണ്ണന്റെ മുന്നിൽ തൊഴാൻ കാത്തു നിൽക്കുമ്പോൾ മേൽപ്പത്തൂർ ഓഡിറ്റോറിയത്തിൽ കുട്ടികൾ അണിഞ്ഞൊരുങ്ങി നൃത്തം ചെയ്യുന്നത് കുട്ടിക്ക് വിസ്മയകരമായ ഒരു കാഴ്ച്ച ആയിരുന്നു. എന്നെങ്കിലും തനിക്കും ഇതുപോലെ ചെയ്യാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. നൃത്തം പഠിച്ചാൽ തന്നെയും ഇത്ര ദൂരത്ത് താമസിക്കുന്ന തനിക്ക് ഇവിടെ വന്ന് എങ്ങനെ നൃത്തം ചെയ്യാൻ കഴിയും എന്ന ആശങ്കയും അന്ന് മനസ്സിൽ നിറഞ്ഞുനിന്നിരുന്നു.

എന്നാൽ വർഷങ്ങൾക്ക് ശേഷം ഗുരുവായൂരപ്പന്റെ അനുഗ്രഹം കൊണ്ട് രണ്ടുവർഷം തുടർച്ചയായി തിരുമുമ്പിൽ ഭരതനാട്യവും മോഹിനിയാട്ടവും അവതരിപ്പിക്കാൻ കഴിഞ്ഞപ്പോൾ ഒരു ജന്മം തന്നെ സഫലമായ സംതൃപ്തിയായിരുന്നു ആ കുട്ടിക്ക്. ആ നർത്തകിയിലൂടെയാണ് ഈ ആഴ്ച്ചത്തെ ദളം വിടരുന്നത്.

ദേവി സുരേഷ്
ഇന്ത്യൻ ഓവർസീസ് ബാങ്ക്
ചെങ്കോട്ട ശാഖ.

കൊല്ലം സ്വദേശികളായ ബിസിനസുകാരൻ സുരേഷ് ബാബുവിന്റെയും സ്കൂൾ അദ്ധ്യാപികയായിരുന്ന ലൈല സുരേഷിന്റെയും ഏക മകൾ. അമ്മ അദ്ധ്യാപികയായിരുന്ന കേരളപുരം സെന്റ് വിൻസെന്റ്സ് സ്കൂളിലായിരുന്നു നാലാം ക്ലാസ് വരെ ദേവിയുടെ വിദ്യാഭ്യാസം.തുടർന്ന് പന്ത്രണ്ടാം ക്ലാസ് വരെ കരിക്കോട് ടി കെ എം പബ്ലിക് സ്കൂളിലും ആംഗലേയ സാഹിത്യത്തിലെ ബിരുദ പഠനം കൊല്ലം എസ് എൻ വനിതാ കോളേജിലും.

പഠിക്കുന്ന കാലത്ത് ഒരു അദ്ധ്യാപികയാകണം എന്നായിരുന്നു ആഗ്രഹം. പക്ഷേ അമ്മ ആഗ്രഹിച്ചത് ദേവി ഒരു ബാങ്ക് ജീവനക്കാരി ആവണം എന്നാണ്. അമ്മയുടെ ആഗ്രഹവും നിർബന്ധവും കാരണമാണ് ദേവി ബിരുദ പഠനം കഴിഞ്ഞ ശേഷം ബാങ്ക് ജോലിക്ക് തയ്യാറെടുക്കുന്നത്. ബിരുദാനന്തര ബിരുദത്തിന് പഠിച്ചുകൊണ്ടിരിക്കെ തന്നെ ഇന്ത്യൻ ഓവർസീസ് ബാങ്കിൽ പ്രബേഷണറി ഓഫീസറായി ജോലി ലഭിച്ചു.

പിന്നീട് വിദൂര വിദ്യാഭ്യാസ മേഖല വഴി ആംഗലേയ സാഹിത്യത്തിൽ തന്നെ ബിരുദാനന്തര ബിരുദം നേടി. സെന്റ് വിൻസെന്റ്സ് സ്കൂളിൽ പഠിക്കുന്ന കാലത്ത് അവിടെ നൃത്താദ്ധ്യാപികയായിരുന്ന ഇന്ദിരാ മുരളി ടീച്ചറുടെ കീഴിൽ ദേവി നൃത്തം പഠിച്ചു തുടങ്ങിയിരുന്നു. സ്കൂളിൽ പഠിക്കുന്ന കാലത്ത് നൃത്തം, കവിത എഴുത്ത്, പദ്യം ചൊല്ലൽ തുടങ്ങിയ പല മത്സരങ്ങളിലും സ്ഥിരം പങ്കാളിയായിരുന്നു. സബ്ജില്ലാതലത്തിൽ സമ്മാനങ്ങളും നേടിയിട്ടുണ്ട്.

ചെറിയ ക്ലാസുകളിൽ ഒറ്റയ്ക്കുള്ള ഇനങ്ങളിൽ ആയിരുന്നു കൂടുതലും പങ്കെടുത്തിരുന്നതെങ്കിൽ ടി കെ എം പബ്ലിക് സ്കൂളിൽ വന്നതോടെ ശ്രദ്ധ കൂടുതലും ഗ്രൂപ്പ് ഇനങ്ങളിൽ ആയിരുന്നു. സംഘനൃത്തവും തിരുവാതിരയും

ഒപ്പനയും ഒക്കെയായി മത്സരയിനങ്ങൾ.
ബിരുദ പഠനകാലത്തോടെ പഠനത്തിൽ കൂടുതൽ ശ്രദ്ധ നൽകി തുടങ്ങിയപ്പോൾ പതിയെ തന്റെ കലാവാസനങ്ങളിൽ നിന്നും ദേവി അല്പം വിട്ടു നിന്നു.

2013 ഒക്ടോബർ 7 ന് വർക്കല അയിരൂർ ശാഖയിൽ ബാങ്ക് ജീവനം ആരംഭിച്ച ദേവി അയിരൂർ ശാഖയിലും ഇടവ ശാഖയിലും ആയിട്ടാണ് പ്രബേഷൻ പൂർത്തിയാക്കിയത്. അതിനുശേഷം മാവേലിക്കരയ്ക്ക് അടുത്ത് മറ്റം ശാഖയിൽ ആയിരുന്നു ആദ്യ നിയമനം. അവിടെനിന്നും മാവേലിക്കര മെയിൻ,തങ്കശ്ശേരി ശാഖകളിലേക്കും പിന്നീട് പാലക്കാട് ഉള്ള കഞ്ചിക്കോട് ശാഖയിലേക്കും സ്ഥലംമാറ്റം ലഭിച്ചു.

വീട്ടിൽ നിന്നും ഇത്ര അകലേക്ക് ഒറ്റയ്ക്ക് മാറി നിൽക്കേണ്ടി വന്ന അവസ്ഥ ജീവിതത്തിലെ ആദ്യ അനുഭവം ആയിരുന്നു. കഞ്ചിക്കോട്ടെ ഏകാന്തതയും ഗൃഹാതുരത്വവും ദേവിയെ അല്ലാതെ വേട്ടയാടി. അതിൽ നിന്നും ഒരു മോചനത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ആണ് തന്റെ കുട്ടിക്കാലത്തെ ആഗ്രഹങ്ങൾ പൊടിതട്ടിയെടുക്കണം എന്ന തോന്നൽ ഉണ്ടായത്. ഗുരുവായൂർ കണ്ണന്റെ മുന്നിൽ നൃത്തം ചെയ്യണമെന്ന സ്വപ്നത്തിന് വീണ്ടും ചിറകുകൾ മുളച്ചു.

അങ്ങനെയാണ് കഞ്ചിക്കോട് ഉള്ള പ്രവീൺ മാസ്റ്ററുടെ ചിലങ്ക ഡാൻസ് അക്കാദമിയിൽ നൃത്ത പഠനം തുടരാൻ തീരുമാനിക്കുന്നത്. രണ്ടു വർഷങ്ങളിലായി ഭരതനാട്യത്തിലും മോഹിനിയാട്ടത്തിലും ഗുരുവായൂർ കണ്ണന്റെ മുന്നിൽ അരങ്ങേറാനുള്ള ഭാഗ്യം ദേവിക്ക് ലഭിച്ചു.

കഞ്ചിക്കോട് ജോലി ചെയ്യുന്ന കാലത്ത് ബാങ്ക് ജീവനക്കാരനും തന്റെ അയൽവാസിയുമായ നമ്മുടെ ടിവി ദളം കാർത്തിക് തുളസിയിലൂടെയാണ് ടി ബി യെ ക്കുറിച്ച് അറിയുന്നത്. പിന്നീട് ബാങ്കിലെ തന്നെ വിദ്യ വഴി ടി ബി യിൽ അംഗമാവുകയും കോട്ടയത്ത് നടന്ന ടി ബി മീറ്റിൽ തന്റെ സാന്നിധ്യം അറിയിക്കുകയും ചെയ്തു.

പിന്നീട് നടന്ന തൃശ്ശൂർ ചാപ്റ്റർ മീറ്റിൽ ഒരു സോളോ ഡാൻസും ടി ബി യുടെ മൈക്കിൾ ജാക്സനായ അനീഷിനൊപ്പം മറ്റൊരു നൃത്തവും അവതരിപ്പിച്ചു. അപ്പോഴേക്കും ദേവിക്ക് കഞ്ചിക്കോട് നിന്നും തൃശ്ശൂരിലേക്ക് സ്ഥലംമാറ്റം ലഭിച്ചിരുന്നു. തുടർന്ന് 2024 ൽ ഇപ്പോഴുള്ള ചെങ്കോട്ട ശാഖയിലേക്ക്.

2014ൽ ദേവിയുടെ ജീവിതപങ്കാളിയായി വന്ന നിധിൻ ചാത്തന്നൂർ ഗവണ്മെന്റ് ആയുർവേദ ഡിസ്പൻസറിയിലെ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ ആണ്. ദേവിക്ക് ഏറ്റവും അധികം പ്രോത്സാഹനം നൽകുന്നത് സഹൃദയനും നല്ലൊരു ഫോട്ടോഗ്രാഫറുമായ നിധിൻ ആണ്.

വീണ്ടും നൃത്തത്തിൽ സജീവമായപ്പോൾ ഏറ്റവും കൂടുതൽ സന്തോഷിച്ചത് അച്ഛനും അമ്മയും ആയിരുന്നു. ദേവി നല്ലൊരു നർത്തകിയാകണം എന്ന് ആഗ്രഹിച്ചിരുന്ന അച്ഛനും അമ്മയും ദേവി ഏത് വേദിയിൽ നൃത്തം

അവതരിപ്പിച്ചാലും കാണികളായി അവിടെ എത്തിച്ചേരും. തിരുവനന്തപുരത്ത് കഴിഞ്ഞവർഷം നടന്ന മീറ്റിലും തന്റെ നൃത്ത പ്രകടനത്തിലൂടെ ദേവി ഏറെ ശ്രദ്ധ നേടിയിരുന്നു.

നാലാം ക്ലാസ് വിദ്യാർത്ഥിയായ മകൻ നിവേദും മൂന്നാം ക്ലാസ് വിദ്യാർത്ഥിനിയായ മകൾ ദേവ്നയും ദേവി ആദ്യകാലത്ത് പഠിച്ചിരുന്ന കേരളപുരം സെന്റ് വിൻസെന്റ്സ് സ്കൂളിലെ തന്നെ വിദ്യാർഥികളാണ്. മാത്രവുമല്ല ദേവിയെ ആദ്യകാലത്ത് നൃത്തം അഭ്യസിപ്പിച്ചിരുന്ന ഇന്ദിര ടീച്ചർ തന്നെയാണ് മകളെയും നൃത്തം പഠിപ്പിക്കുന്നത്. ഡിസംബറിൽ കൊല്ലത്ത് നടന്ന ചാപ്റ്റർ മീറ്റിൽ മകൾക്കൊപ്പം നൃത്തം അവതരിപ്പിച്ചുകൊണ്ട് ദേവി ഏവരുടെയും ശ്രദ്ധ നേടി. ഇപ്പോൾ നൃത്തപഠനം തുടരുന്നില്ലെങ്കിലും മീറ്റുകൾക്കെല്ലാം ദേവിയെ നൃത്തത്തിന് തയാറാക്കുന്നത് അഞ്ജന അനിൽ എന്ന നർത്തകിയാണ്.

നൃത്തത്തോടൊപ്പം എഴുത്തിനെയും ഏറെ സ്നേഹിക്കുന്ന ആളാണ് ദേവി. സ്കൂൾ കാലത്ത് സ്കൂൾ മാഗസിനുകളിൽ കവിതകൾ എഴുതിയിരുന്ന ദേവി മുഖപുസ്തകത്തിന്റെ താളുകളിൽ ഇടയ്ക്കിടയ്ക്ക് കവിതകൾ കുറിക്കാറുണ്ട്. അത്തരത്തിൽ ഒരു കവിതയിൽ ദേവി എഴുതുന്നു...
"അവൾ
കനലായ്
ജ്വാലയായ്
നിഴലായി മാറിയവൾ മുകളമായ്
പൂവായ്
കായായ് തീർന്നവൾ...." ഇങ്ങനെ പോകുന്നു ആ കവിത.

നൃത്തത്തിലും എഴുത്തിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കണം, അതോടൊപ്പം മകളുമായി ചേർന്ന് ഗുരുവായൂർ കണ്ണന്റെ മുമ്പിൽ വീണ്ടും നൃത്തം ചെയ്യണം. ദേവിയുടെ വലിയ സ്വപ്നങ്ങളിൽ ഒന്നാണിത്. ടി ബി യെക്കുറിച്ച് ദേവി ഏറെ വാചാലയാകുന്നു. സംഗീതത്തെയും നൃത്തത്തെയും സ്നേഹിക്കുന്ന ബാങ്ക് ജീവനക്കാർക്ക് തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു വേദിയാണ് ടി ബി എന്നാണ് ദേവിയുടെ അഭിപ്രായം. വരും കാല മീറ്റിൽ മിന്നുന്ന നൃത്തപ്രകടനവുമായി എത്താൻ ദേവിക്ക് കഴിയട്ടെ എന്ന് ടി ബി കുടുംബം ആശംസിക്കുന്നു.

---

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), Retired - സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC കുന്നംകുളം

---

As she stood clasping her parents' hands at a tender age waiting for her turn to pour her heart out with prayers to Guruvayurappan, she would behold elegantly attired children dancing at the Melpathoor Auditorium which used to invoke awe in her.

A quiet aspiration often stirred within her; that one day she too might be able to make it.

Yet, scepticism lingered as to how someone far away could return to dance there even if she learned the art.

Years down the line, by the grace of Lord Guruvayurappan, as she perceive,when she stood before the deity and performed Bharatanatyam and Mohiniyattam as an offering for two years in a row, which she felt as if a newfound happiness greeted her.

It is this dancer's journey that is about to unfold through this week's column.

Devi Suresh,
Indian Overseas Bank,
Chenkotta Branch.

She is the only daughter of Mr Suresh Babu, a businessman, and Mrs Laila Suresh, natives of Kollam district.

St. Vincent's School in Keralapuram where her mother worked as a teacher witnessed her formative years of learning .

In furtherance , her education continued at TKM Public School, Karikode and at S.N. Women's College in Kollam, from where she graduated in English Literature. During her studies ,she had proclivity to teaching. But her mother had a different inclination and envisioned her as a banker.It was her mother's wish that led her to the path of banking.

When she was pursuing her post graduation,she got an appointment as a Probationary Officer at Indian Overseas Bank. Later, she completed her postgraduate studies in English literature through distance learning.

During her school days she started learning dance under the tutelage of Indira Murali teacher. She was a consistent partaker in varied competitions like dancing, poetry writing, recitation etc. She earned many accolades at the sub-district level as well.

While initially she focused more on solo performances on stage,she slowly stepped into group performances like group dance,Thiruvathira and oppana. But her artistic passions faded into oblivion gradually.

On October 7, 2013, she stepped into the world of banking at Ayiroor branch in Varkala, completing her probation at the Ayiroor and Edava branches. Later she got posted at Mattom branch near Mavelikkara. From there, she got transferred to Mavelikkara Main, Thangassery, and eventually to Kanjikode in Palakkad.

Being alone, afar from the warmth of home, was unfamiliar to her till then.In Kanjikode, solitude

lingered around weighing her down. As she attempted to find a way out of that, an old dream surfaced again. Her childhood dream of dancing before Guruvayurappan fluuttered it's wings.

That is how she returned to dance, stepping into Chilanka Dance Academy in Kanjikode under Praveen Master, as if reclaiming a part of herself. She was blessed to perform Bharatanatyam and Mohiniyattam before Lord Guruvayurappan ,the moments that she felt priceless.

During her time in Kanjikode, she came to know about Talented Bankers community through her colleague and neighbour, Karthik Thulasi.

Later, with encouragement from her colleague Vidya, she became part of TB and made her presence felt at a gathering in Kottayam.

At the Thrissur chapter meet, she lit up the stage with a solo performance and another performance alongside Aneesh, fondly known as TB's Michael Jackson. By then, she moved from Kanjikode to Thrissur. And in 2024, her journey led her to where she is working now ,the Chenkotta branch.

In 2014, she tied the knot with Nidhin, a Specialist Medical Officer at the Government Ayurveda Dispensary in Chathannoor.A gifted photographer, he stands beside her as her unwavering encouragement.

When she traversed back to the path of dance, it was her parents who rejoiced the most and they would watch her performing , from the audience, with exuberance.

At last year's meet in Thiruvananthapuram, her performance gained widespread attention.

Her son Nived and daughter Devna now walk the same school corridors she once did, at St. Vincent's School. The same teacher who once guided her now teaches her daughter.

In December, at the chapter meet in Kollam, she shared the stage with her daughter,an image that stayed with many. Though she no longer learns dancing, dancer Anjana Anil helps her prepare, ensuring the rhythm never leaves her.

Beyond dance, she is passionate about writing also. From the poems that found their place in school magazines to fleeting thoughts on social media, her words continue to find their way onto pages.

She writes..

"She is the one who transformed into sparks, flames and shadow, and blossomed into a bud, a flower and a fruit."

Devi now dreams of dedicating more time to dancing and writing, and to perform before Guruvayurappan again, alongside her daughter.

She speaks of TB with great enthusiasm. To her, TB is a platform where her passion and art converges.

And the TB family looks ahead with hope that Devi will forever mesmerize us with her scintillating performances just as she always has.